## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2634    14.02.2013 - ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൈറോയിഡ് രോഗനിർണ്ണയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൈറോയിഡ് രോഗ നിർണ്ണയ എഫ് റ്റി 3, എഫ് റ്റി 4 പരിശോധനകൾ ലഭ്യമാണോ ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൈറോയിഡ് രോഗ നിർണ്ണയത്തിന് എഫ് റ്റി 3, എഫ് റ്റി 4 എന്നീ പരിശോധനകൾ നിലവിലില്ല. എന്നാൽ തൈറോയിഡ് രോഗ നിർണ്ണയത്തിനുള്ള T3, T4 പരിശോധന ലഭ്യമാണ്. |
| (ബി) കേരളത്തിൽ ഏതെങ്കിലും മെഡിക്കൽ കോളേജുകളിലോ, പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലോ ഇത്തരം ടെസ്റ്റുകൾക്കുള്ള സംവിധാനമുണ്ടോ; | (ബി) | T3, T4, TSH പരിശോധനകൾക്കുള്ള സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും, പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും ലഭ്യമാണ്. |
| (സി) ഇത്തരം നിസ്സാരമായ പരിശോധനകൾക്കുവേണ്ടി സാധാരണക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്ത പരിശോധനാ സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് ശ്രമിക്കുമോ? | (ഡി) | മിക്കവാറും എല്ലാ പരിശോധനകളും നടത്തുവാനുള്ള സംവിധാനം സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ